# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 487 — 12.06.2012-ലെ മറുപടിയ്ക്ക്

### സഹകരണ സ്ഥാപനങ്ങളിലെ ആകെ നിക്ഷേപം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജി. സുധാകരൻ | | ശ്രീ. സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ ചുമതല ഏൽക്കുമ്പോൾ സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിലെ ആകെ നിക്ഷേപം എത്ര രൂപയായിരുന്നു; | (എ) | 68409.15 കോടി രൂപയായിരുന്നു. |
| (ബി) | സഹകരണ സ്ഥാപനങ്ങളിലെ നിക്ഷേപം വർദ്ധിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് ; | (ബി) | സഹകരണ മേഖലയിലെ നിക്ഷേപങ്ങൾ വർദ്ധിപ്പിക്കുന്നതിനായി സഹകരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നിക്ഷേപ സമാഹരണ യജ്ഞങ്ങൾ കാലാകാലങ്ങളിൽ സംഘടിപ്പിക്കാറുണ്ട്. ഇപ്രകാരം സംഘടിപ്പിക്കുന്ന നിക്ഷേപ സമാഹരണത്തിൽ കൂടുതൽ നിക്ഷേപം സമാഹരിക്കുന്ന വിവിധ വിഭാഗത്തിൽപ്പെട്ട സഹകരണ സ്ഥാപനങ്ങൾക്ക് ട്രോഫി നൽകാറുണ്ട്. കൂടാതെ സഹകരണ മേഖലയിലെ നിക്ഷേപങ്ങളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും നിക്ഷേപ സമാഹരണത്തെ ശക്തിപ്പെടുത്തുന്നതിനുമായി നിക്ഷേപ ഗ്യാരന്റി സ്കീം നടപ്പിലാക്കാൻ നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | ഈ സർക്കാർ അധികാരമേറ്റ ശേഷം സഹകരണസ്ഥാപനങ്ങളിലെ നിക്ഷേപങ്ങളിൽ വർദ്ധനവുണ്ടായിട്ടുണ്ടോ ; വിശദമാക്കുമോ ; | (സി) | ഉണ്ട്. 2011 മേയ് 31 ന് 68409.15 കോടി രൂപ നിക്ഷേപമുണ്ടായിരുന്നത് 2011 നവംബർ 30 ന് 77059.08 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. |
| (ഡി) | 2012 മേയ് 31 ന് സഹകരണ സ്ഥാപനങ്ങളിലെ ആകെ നിക്ഷേപം എത്രയാണെന്ന് വ്യക്തമാക്കുമോ ? | (ഡി) | 2012 മെയ് 31 ന് സഹകരണ സ്ഥാപനങ്ങളിലെ ആകെ നിക്ഷേപം 84875.48 കോടി രൂപയാണ്. |

സെക്ഷൻ ഓഫീസർ